# കേരള സർവകലാശാല

നം.പി.ആർ.169/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

2017 ഡിസംബറിൽ നടത്തിയ സി.ബി.സി.എസ് ബി.കോം മൂന്നാം സെമസ്റ്റർ 2016 അഡ്മിഷൻ (റെഗുലർ), 2015 അഡ്മിഷൻ (ഇംപ്രൂവ്മെന്റ്), 2013 & 2014 അഡ്മിഷൻ (സപ്ലിമെന്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി ആഗസ്റ്റ് 21. കരട് മാർക്ക് ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

2018 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.സി.എ (2015 സ്കീം) റെഗുലർ, മൂന്നാം സെമസ്റ്റർ എം.സി.എ (2015 സ്കീം) റെഗുലർ പരീക്ഷാഫലം വെബ്സൈറ്റിൽ.

### സീറ്റ് ഒഴിവ്

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് നടത്തുന്ന സായാഹ്ന കോഴ്സായ PGDEC 2018 – 2019 ബാച്ചിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ ഓരോ സീറ്റ് ഒഴിവുണ്ട്. കോഴ്സിനു ചേരാൻ താല്പര്യമുള്ള വിദ്യാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുമായി ജൂലൈ 31 3 മണിക്ക് മുമ്പായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിന്റെ ഓഫീസിൽ നേരിട്ട് എത്തേണ്ടതാണ്. കൂടുതൽ വിവരങ്ങൾ 0471–2386325 എന്ന നമ്പറിൽ ലഭ്യമാണ്.

കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ വിഭാഗം (CACEE) കാഞ്ഞിരംകുളം കെ.എൻ.എം ഗവ: ആർട്സ് ആൻഡ് സയൻസ് (CLISc - 6 മാസം) കോളേജിൽ ആഗസ്റ്റ് ആദ്യം ആരംഭിക്കുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിന്റെ അപേക്ഷാഫോറം കോളേജിലെ CACEE ഓഫീസിൽ നിന്നും വിതരണം ആരംഭിച്ചു കഴിഞ്ഞു. യോഗ്യത: പ്ലസ്ടു ക്ലാസ്: ശനി ഞായർ ദിവസങ്ങളിൽ 10 AM മുതൽ 4 PM വരെ. മറ്റ് കോഴ്സുകൾ പഠിക്കുന്നവർക്കും ജോലി ഉള്ളവർക്കും അപേക്ഷിക്കാം. അപേക്ഷകൾ ആഗസ്റ്റ് 3 വെള്ളിയാഴ്ച 4 PM വരെ സ്വീകരിക്കുന്നതാണ്.

### സ്പോട്ട് അഡ്മിഷൻ

കാര്യവട്ടം യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് കോളേജിൽ ഒഴിവുള്ള സീറ്റുകളിലേക്കു സ്പോട്ട് അഡ്മിഷൻ നടത്തുന്നു. KEAM എൻട്രൻസ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് അപേക്ഷിക്കാം. വിശദവിവരങ്ങൾ 9037119776 എന്ന നമ്പറിൽ ലഭ്യമാണ്.

## പുതുക്കിയ പരീക്ഷാ തീയതി

ലയോള കോളേജ് ഓഫ് സോഷ്യൽ സയൻസസ് ശ്രീകാര്യം സെന്ററായി സി.എ.സി.ഇ.ഇ നടത്തുന്ന പി.ജി ഡിപ്ലോമ ഇൻ കൗൺസലിംഗ് സൈക്കോളജിയുടെ ഒന്നാമത്തെ പേപ്പറിന്റെ പരീക്ഷ ഏപ്രിൽ 28 ന്. സമയം 1.30 – 4.30 P.M

## ഓൺലൈൻ രജിസ്ട്രേഷൻ

ഏഴാം സെമസ്റ്റർ ബി.ടെക് (2013 സ്കീം) പാർട്ട്ടൈം റീസ്രക്ച്ചേഡ് ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷൻ ജൂലൈ 27 മുതൽ ആരംഭിക്കുന്നു. പരീക്ഷയ്ക്ക് പിഴ കൂടാതെ ആഗസ്റ്റ് 3 വരെയും 50 രൂപ പിഴയോടെ ആഗസ്റ്റ് 6 വരെയും 125 രൂപ പിഴയോടു കൂടി ആഗസ്റ്റ് 8 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

തിരുവനന്തപുരം.
26.07.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

**e-mail:** ku.release@gmail.com **website:** www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**